**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 895** **18-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതിക്കാരിയായ ജീവനക്കാരി സ്ഥലം മാറിയപ്പോൾ ശുദ്ധികലശം നടത്തിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതിക്കാരിയായ ജീവനക്കാരി സെക്രട്ടറിയേറ്റിൽ നിന്ന് സ്ഥലം മാറിയപ്പോൾ സഹപ്രവർത്തകൻ ശുദ്ധികലശം നടത്തിയെന്ന പരാതിയിൽ എസ്.സി./എസ്. ടി. കമ്മീഷൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് പൊതുഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഈ വിഷയത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (എ) | സെക്രട്ടേറിയറ്റ് ജീവനക്കാരി സ്ഥലം മാറി പോയപ്പോൾ സഹപ്രവർത്തകൻ ശുദ്ധികലശം നടത്തിയെന്ന പരാതിയിൽ 2007-ലെ പട്ടികജാതി പട്ടികഗോത്രവർഗ്ഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്ടിലെ 9-ാം വകുപ്പ് പ്രകാരം കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ പൊതുഭരണ വകുപ്പ് സെക്രട്ടറിയോടും കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറോടും റിപ്പോർട്ട് ആവശ്യപ്പെടുകയും കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ സ്റ്റേഷൻ ഹൗസ് ഓഫീസർ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിരുന്നു. ടി റിപ്പോർട്ടിൽ പരാതി നിലനിൽക്കുന്നതല്ലായെന്ന് അറിയിച്ചിട്ടുണ്ട്.<br><br>ടി വിഷയത്തിൽ പൊതുഭരണ വകുപ്പിലെ അണ്ടർ സെക്രട്ടറിയെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കുകയും ടി അന്വേഷണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ട് ബഹു.കേരള സംസ്ഥാന പട്ടികജാതി-പട്ടികഗോത്രവർഗ്ഗ കമ്മീഷന് ലഭ്യമാക്കുകയും ചെയ്തിരുന്നു. എന്നാൽ വ്യക്തമായ അഭിപ്രായം സഹിതമുള്ള അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കാൻ കമ്മീഷൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിന്മേലുള്ള അന്വേഷണ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സ.ഉ(സാധാ)നം.3641/ 2025/ജിഎഡി പ്രകാരം 2 അഡീഷണൽ സെക്രട്ടറിമാരും 1 ജോയിന്റ് സെക്രട്ടറിയുമടങ്ങുന്ന 3 ഉദ്യോഗസ്ഥരുടെ പാനൽ രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി പാനൽ 15.09.2025-ന് കക്ഷികളെ നേരിൽ കേൾക്കാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും അന്വേഷണ റിപ്പോർട്ട് ലഭ്യമായതിന് ശേഷം ഹിയറിംഗ് ഉൾപ്പെടെയുള്ള മറ്റ് തുടർ നടപടികൾ സ്വീകരിക്കുവാനാണ് കമ്മീഷൻ തീരുമാനിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | പൊതുഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**ബഹുമാനപ്പെട്ട കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ മുൻപാകെ പൊതുഭരണ വകുപ്പിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി.രേഖ.എസ് സമർപ്പിച്ച സങ്കട ഹർജിയിന്മേൽ വകുപ്പുതലത്തിൽ നടത്തിയ അന്വേഷണ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അന്വേഷണ റിപ്പോർട്ട്.**

പൊതുഭരണ വകുപ്പിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി രേഖ.എസ് (നിലവിൽ ദേവസ്വം സെക്രട്ടറിയുടെ ഓഫീസിൽ സേവനം അനുഷ്ഠിച്ചു വരുന്നു)പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റായ ശ്രീ.പ്രേമാനന്ദ് തെക്കുംകരയെ(നിലവിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ-I)വകുപ്പിൽ ജോലിചെയ്തു വരുന്നു)എതിർ കക്ഷി ചേർത്തുകൊണ്ട് 30.05.2025-ന് ബഹുമാനപ്പെട്ട കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ മുൻപാകെ ഒരു സങ്കട ഹർജി സമർപ്പിക്കുകയുണ്ടായി.

## ഹർജിയുടെ വിവരണം

*പട്ടികജാതി വിഭാഗത്തിലെ കുറവർ സമുദായാംഗമായ ഹർജികക്ഷി കഴിഞ്ഞ 11 വർഷമായി ഗവൺമെന്റ് സെക്രട്ടറിയേറ്റിൽ ഓഫീസ് അറ്റന്റന്റായി ജോലി ചെയ്തു വരുന്നു. 2017 ഫെബ്രുവരി 18 മുതൽ 2025 ഏപ്രിൽ 03 വരെയുള്ള കാലയളവിൽ ടിയാൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ)വകുപ്പിലായിരുന്നു സേവനം അനുഷ്ഠിച്ചു വന്നിരുന്നത്. ഏകദേശം 2 വർഷം മുൻപ് എതിർകക്ഷി പരാതി കക്ഷിയുടെ സെക്ഷനിലേക്ക് സ്ഥലം മാറി വരികയും ഹർജി കക്ഷിയോട് നിരന്തരം ദേഷ്യത്തിൽ സംസാരിക്കാറുമുണ്ടായിരുന്നു. തന്നിൽ നിക്ഷിപ്തമായിരുന്ന ജോലികൾ കൃത്യമായി നിർവ്വഹിച്ചു വന്നിരുന്ന തന്നോട് പലപ്പോഴും ദേഷ്യപ്പെടുകയും "ജോലിയിൽ പ്രവേശിക്കുന്നതിന് ചിലർക്കൊക്കെ എളുപ്പമാണ്" എന്ന് പലപ്പോഴും പറയുകയും ചെയ്തിരുന്നു. ഇത്തരത്തിലുള്ള തന്നോടുള്ള സമീപനത്തിന്റെ കാരണം കാറ്റഗറി വ്യത്യാസം ആയിരിക്കാം എന്നാണ് ഹർജി കക്ഷി ആദ്യം കരുതിയത്. ഒരു ദിവസം എതിർകക്ഷി 'പ്രിന്റ്' കൊടുത്തപ്പോൾ ടിയാന്റെ ജോലി എളുപ്പമാക്കാൻ കമ്പ്യൂട്ടർ അസിസ്റ്റന്റിനെ മേശപ്പുറത്തിരുന്ന കമ്പ്യൂട്ടർ പ്രിന്ററിൽ നിന്നും ടി പ്രിന്റൌട്ട് ഹർജികക്ഷി എതിർകക്ഷിക്ക് കൊടുത്തപ്പോൾ "രേഖയോട് ഞാൻ പറഞ്ഞോ പ്രിന്റൌട്ട്*

തരാൻ?"എന്ന് ചോദിച്ച് ദേഷ്യപ്പെടുകയും പിറ്റേ ദിവസം ഹർജികക്ഷി ഓഫീസിൽ എത്തുമ്പോൾ എതിർകക്ഷി പ്രിൻറർ തന്റെ മേശപ്പുറത്ത് എടുത്തു വച്ചിരിക്കുന്നതായി ഹർജികക്ഷി കാണുകയും ചെയ്തു. എന്തുകൊണ്ടാണ് അപ്രകാരമൊരു പ്രവൃത്തി എതിർകക്ഷിയുടെ ഭാഗത്തുനിന്നും ഉണ്ടായത് എന്ന് ഹരർജികക്ഷിക്ക് അപ്പോൾ മനസ്സിലായിരുന്നില്ല. 2025 ഏപ്രിൽ മാസം 1-ന് ദേവസ്വം സെക്രട്ടറിയുടെ ഓഫീസിലേക്ക് ഹർജികക്ഷിക്ക് സ്ഥലം മാറ്റം ലഭിച്ചതിനെ തുടർന്ന് ഏപ്രിൽ മൂന്നാം തീയതി ടിയാൾ നിലവിൽ ജോലിചെയ്തുവന്നിരുന്ന ഓഫീസിൽനിന്ന് വിടുതൽ വാങ്ങി പോയ ഉടൻതന്നെ എതിർകക്ഷി ഹർജികക്ഷി ഉപയോഗിച്ചിരുന്ന മേശയും കസേരയും ഹർജികക്ഷി മറന്നുവെച്ച ബാഗ്, സ്റ്റേഷനറി സാധനങ്ങൾ എന്നിവയും അവിടെ നിന്നും മാറ്റുകയും "ഞാനിവിടെ ശുദ്ധികലശം നടത്തിയിട്ടുണ്ട്" എന്ന് മറ്റ് സഹപ്രവർത്തകരോട് പറയുകയും അപ്രകാരം എതിർകക്ഷി പറഞ്ഞത് തന്റെ ബാഗും സാധനങ്ങളും എടുക്കാൻ വന്ന ഹർജികക്ഷി കേൾക്കുകയുമുണ്ടായി. അപ്പോൾ അവിടെ സന്നിഹിതരായിരുന്ന ജീവനക്കാരായ ശ്രീമതി.പാർവ്വതി, ശ്രീമതി ബീന പറമ്പിൽ എന്നിവർ ഈ സംഭവത്തിന് സാക്ഷികളായിട്ടുള്ളതുമാണ്. എതിർകക്ഷിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള പ്രസ്തുത പ്രവൃത്തി ഹർജികക്ഷിക്ക് മാനഹാനിയും മനോവിഷമവും അപമാനവും ഉളവാക്കിയതോടോപ്പം ടിയാളുടെ മാനസികാരോഗ്യത്തെയും ജോലി ചെയ്യുന്നതിനുള്ള ഊർജ്ജസ്വലതയെയും പ്രതികൂലമായി ബാധിക്കുകയുമുണ്ടായി.

**ബഹുമാനപ്പെട്ട കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ മുൻപാകെയുള്ള ഹർജികക്ഷിയുടെ അഭ്യർത്ഥന :-**

**തന്റെ സങ്കടഹർജി പരിശോധിച്ച് ഉചിതമായ അന്വേഷണം നടത്തി എതിർകക്ഷിക്കെതിരെ *The Scheduled Castes and The Scheduled Tribes(Prevention of Attrocities) Act, 1989 Sections 3(r), 3(s), 3(t), 3(u)* പ്രകാരം കേസെടുത്ത് തനിക്ക് നീതി ഉറപ്പാക്കണം**

ശ്രീമതി.രേഖ സമർപ്പിച്ച പരാതിയുടെ പകർപ്പ്, 2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്റ്റിലെ വകുപ്പ്-

9 (Rules 6& 7 of Kerala State Commission for the SC/ST Rules, 2011) പ്രകാരം 20 ദിവസത്തിനകം റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കമ്മീഷൻ രജിസ്ട്രാർ ലഭ്യമാക്കിയിരുന്നു. കമ്മീഷന്റെ നിർദ്ദേശാനുസരണം ഹർജികക്ഷി, എതിർകക്ഷി സാക്ഷികളായി ഹർജിയിൽ പരാമർശിക്കുന്ന ജീവനക്കാർ എന്നിവരെ ഓരോരുത്തരായി 19.06.2025-ന് നേരിൽ കേൾക്കുകയും വിവരങ്ങളാരായുകയുമുണ്ടായി.

നേരിൽ കേട്ട വേളയിൽ ബോധിപ്പിച്ച വിവരങ്ങൾ എല്ലാം തന്നെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മൊഴി/വിശദീകരണങ്ങൾ ഹർജികക്ഷിയും എതിർകകക്ഷിയും സാക്ഷികളും എഴുതി സമർപ്പിച്ചിട്ടുണ്ട്. ടി മൊഴികളുടെ/വിശദീകരണങ്ങളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

**മൊഴികളുടെ/വിശദീകരണങ്ങളുടെ സംക്ഷിപ്തം.**

**രേഖ.എസ്(ഹർജികക്ഷി) (പെൻ: 738727)**

*ഏപ്രിൽ 8 ന് ഹർജി കക്ഷി ഉപയോഗിച്ച മേശ, കസേര എന്നിവ പുറത്തു കൊണ്ടുപോയി എന്ന് സുഹൃത്തുക്കൾ മുഖേന അറിഞ്ഞ ഹർജികക്ഷി തൊട്ടടുത്ത ദിവസം അവിടെ എത്തുമ്പോൾ തന്റെ പാത്രവും ബാഗും മാറ്റിയതായി മനസിലാക്കുകയും ഹർജികക്ഷിയും സുഹൃത്തുക്കളും കേൾക്കുന്ന രീതിയിൽ "ഇവിടെ ചിലരൊക്കെ പോയത് നന്നായി, ഇവിടം നീറ്റ് ആക്കി ശുദ്ധികലശം നടത്തി"എന്ന് ഉച്ചത്തിൽ എതിർകക്ഷി പറയുന്നത് കേൾക്കുകയുണ്ടായി. ഏപ്രിൽ 29-ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ-III) വകുപ്പിൽ പോയ ഹർജികക്ഷി സുഹൃത്തായ പാർവ്വതിയുടെ അടുത്ത് പോയി ഇരിക്കുന്നത് എതിർകക്ഷി കാണാനിടയാവുകയുമുണ്ടായി. തൊട്ടടുത്ത ദിവസം പാർവതി ഓഫീസിലെത്തിയപ്പോൾ തലേദിവസം ഹർജികക്ഷി ഉപയോഗിച്ച മേശയും കസേരയും വെളിയിൽ കിടക്കുന്നത് കാണുകയുമുണ്ടായി. ഈ സംഭവത്തിൽ നിന്നും എതിർകക്ഷി മുമ്പ് നടത്തിയ പ്രസ്താവനയിലെ "ചിലർ" എന്നതുകൊണ്ട് തന്നെയാണ് ഉദ്ദേശിച്ചതെന്ന് ഹർജികക്ഷിക്ക് മനസ്സിലാവുകയുണ്ടായി. കമ്പ്യൂട്ടർ അസിസ്റ്റന്റ് ഉപയോഗിച്ചിരുന്ന പ്രിന്ററിൽ നിന്നും പ്രിന്റ് എടുത്ത് എതിർകക്ഷിക്ക്*

കൊട്ടത്തത്തിന്റെ പേരിൽ ഹർജികക്ഷിയോട് എതിർകക്ഷി ദേഷ്യപ്പെട്ടുകയും പ്രിൻറർ മാറ്റി സ്ഥാപിച്ച സാഹചര്യം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. 2014 ൽ സർവ്വീസിൽ വരുമ്പോൾ മുതൽ ഹർജികക്ഷി എതിർകക്ഷിയുമായി ഒരു നല്ല ബന്ധം പുലർത്തിയിരുന്നു. 2021 ൽ ക്വാർട്ടേഴ്സ് ലഭിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ അപേക്ഷ എതിർകക്ഷിയെ കാണിക്കുകയും അതിലൂടെ താൻ ഏതു വിഭാഗത്തിൽ പെടുന്ന ആളാണെന്നു മനസിലാക്കിയതു കൊണ്ടാവാം തന്നോട് എതിർകക്ഷിക്ക് അകൽച്ച ഉണ്ടായതായി കരുതുന്നത്. കുടുംബവുമായി ചർച്ച ചെയ്താണ് SC/ST കമ്മീഷൻ മുൻപാകെ പരാതി നൽകിയിട്ടുള്ളത്.(അനുബന്ധം -I)

**ബീന പറമ്പിൽ(സാക്ഷി-I) (പെൻ: 707449)**

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ)വകുപ്പിൽ നിന്നും 03.04.2025-ന് ഹർജികക്ഷി വിടുതൽ വാങ്ങി പോയതിനെ തുടർന്ന് ഹർജികക്ഷി ഉപയോഗിച്ചിരുന്ന മേശയും കസേരയും ബാഗ് വച്ചിരുന്ന മേശയും എതിർകക്ഷി പുറത്തേക്ക് കൊണ്ടുപോകുന്നത് കാണുകയും തൊട്ടടുത്ത ദിവസം മറന്നു വച്ച ബാഗ് എടുക്കുന്നതിന് ഹർജികക്ഷി വന്നപ്പോൾ "എ.വി.സി-യിൽ ചിലരെ മാറ്റി വെടിപ്പാക്കി, ശുദ്ധികലശം ചെയ്തു, ഇപ്പോഴാണ് എ.വി.സി,എ.വി.സി ആയത്" എന്ന് ഉച്ചത്തിൽ പറയുന്നത് കേൾക്കുകയും ചെയ്തു. കൂടാതെ ഹർജികക്ഷി ഇടയ്ക്ക് വരാറുള്ളപ്പോൾ ഉപയോഗിച്ചിരുന്ന കസേരയും മേശയുംകൂടി എതിർകക്ഷി പുറത്തേക്ക് മാറ്റിയതായും തനിക്കെതിരെ മുൻപും വിവേചനപരമായ പെരുമാറ്റം ഉണ്ടായിട്ടുണ്ടെന്നും എതിർകക്ഷിയുടെ വിവേചനപരമായ പെരുമാറ്റം ജാതീയമായ അധിക്ഷേപമായാണ് താൻ മനസ്സിലാക്കുന്നതെന്നും അവധി കഴിഞ്ഞു വന്ന തന്നോട് ഹർജികക്ഷി പറയുകയും ചെയ്തു.(അനുബന്ധം -II)

**പാർവ്വതി.എസ് (സാക്ഷി-II) (പെൻ : 911414)**

ഹർജിക്കാരിയുമായി അടുത്ത പരിചയവും അടുത്ത സഹപ്രവർത്തന ബന്ധവും തനിക്കുണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ്

സെൽ)വകുപ്പിൽ നിന്നും 03.04.2025-ന് ഹർജികക്ഷി വിട്ടുതൽ വാങ്ങി റവന്യൂ ദേവസ്വം സെക്രട്ടറിയുടെ ഓഫീസിലേക്ക് പോയതിനെ തുടർന്ന് ഹർജികക്ഷി ഉപയോഗിച്ചിരുന്ന മേശയും കസേരയും ബാഗ് വയ്ക്കുന്നതിന് ഉപയോഗിച്ചിരുന്ന മറ്റൊരു മേശയും എതിർകക്ഷിയും മറ്റ് രണ്ടുപേരുംചേർന്ന് പുറത്തേക്ക് കൊണ്ടുപോകുന്നത് കാണുകയും തൊട്ടടുത്ത ദിവസം മറന്നു വച്ച ബാഗ് എടുക്കുന്നതിന് ഹർജികക്ഷി ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (എ.വി.സി )വകുപ്പിൽ വന്നപ്പോൾ താനും ഹർജികക്ഷിയും ഒന്നാം സാക്ഷിയും കൂടി മേശ മാറ്റിയതിനെ പ്പറ്റി സംസാരിച്ച നിൽക്കവേ "എ.വി.സി-യിൽ ചിലരെ മാറ്റി വെടിപ്പാക്കി, ശുദ്ധികലശം ചെയ്തു, ഇപ്പോഴാണ് എ.വി.സി,എ.വി.സി ആയത്" എന്ന് ഉച്ചത്തിൽ പറയുന്നത് കേൾക്കുകയും ചെയ്തു. ഏപ്രിൽ 29-ണ് ഹർജികക്ഷി തന്റെ അരികിൽ വന്ന് സംസാരിക്കുന്നത് എതിർകക്ഷി കാണുകയുണ്ടായി. പിറ്റേദിവസം രാവിലെ താൻ ഓഫീസിൽ എത്തിയപ്പോൾ തനിക്ക് സമീപമുണ്ടായിരുന്നതും തലേ ദിവസം രേഖ ഉപയോഗിച്ചതുമായ മേശയും കസേരയും പുറത്തായി കിടക്കുന്നത് കാണുകയുമുണ്ടായി. എതിർകക്ഷി അല്ലാതെ മറ്റാരും അപ്പോൾ അവിടെ ഉണ്ടായിരുന്നില്ല. മറ്റൊരു ദിവസം സെക്യൂരിറ്റി കൗണ്ടറിനു സമീപത്തുവച്ചും 'എ.വി.സി വെടിപ്പാക്കി, ശുദ്ധികലശം ചെയ്തു" എന്ന് എതിർകക്ഷി മറ്റൊരാളോട് ഉച്ചത്തിൽ പറയുന്നത് കേൾക്കുകയുണ്ടായി. എതിർകക്ഷിയുടെ പ്രവൃത്തികളും പ്രസ്താവനകളും ഹർജികക്ഷിയെ അധിക്ഷേപിക്കുന്നതാണെന്ന് മനസിലായി. എതിർകക്ഷിയുടെ പെരുമാറ്റം തന്നെ മനോ വിഷമത്തിലാക്കുന്നതായി ഹർജികക്ഷി തന്നോടും ഒന്നാം സാക്ഷിയോടും പറഞ്ഞിരുന്നു. (അനുബന്ധം -III)

**<u>പ്രേമാനന്ദ് തെക്കുംകര (എതിർകക്ഷി)(പെൻ: 108445)</u>**

കഴിഞ്ഞകുറെ വർഷങ്ങളായി സഹപ്രവർത്തകർ എന്ന നിലയിൽ താനും പരാതിക്കാരിയും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(എ.വി.സി)വകുപ്പിൽ ജോലിചെയ്തുവരികയായിരുന്നു. നാളിതുവരെ പരാതിക്കാരിയോട് ദേഷ്യത്തോടുകൂടി പെരുമാറുകയോ അതിനുള്ള സാഹചര്യം ഉണ്ടാവുകയോ ചെയ്തിട്ടില്ല. "സർക്കാർ ജോലിയിൽ പ്രവേശിക്കുന്നത് ചിലർക്കൊക്കെ എളുപ്പമാണ്" എന്ന് പലപ്പോഴും പറയാറുണ്ടെന്ന ആരോപണം നടത്തുന്നത് ജാതിപരമായ കാഴ്ചപ്പാട് വച്ച് പുലർത്തുന്ന

വ്യക്തിയാണ് താൻ എന്ന് വരുത്തിതീർത്ത് ജാത്യാധിക്ഷേപം എന്ന കുറ്റകൃത്യത്തിൽ തന്നെ കുരുക്കുന്നതിന് വേണ്ടിയാണ്. പ്രിൻ്ററുമായി ബന്ധപ്പെട്ട ഹർജികക്ഷിയുടെ ആരോപണം കെട്ടിച്ചമച്ചതാണ്. മേലുദ്യോഗസ്ഥരുടെ അനുമതിയോടെയാണ് പ്രിന്ററിന്റെ സ്ഥാനം IT CELL ജീവനക്കാർ ക്രമീകരിച്ചിട്ടുള്ളത്. താൻ 50% ഭിന്നശേഷിത്വം അനുഭവിക്കുന്ന വ്യക്തിയാണ്. വളരെ ബുദ്ധിപൂർവ്വം, സംശയം ജനിപ്പിക്കാൻ വേണ്ടിയാണ് പെട്ടെന്നൊരു ദിവസം പ്രിൻറർ എടുത്ത് ഞാൻ എന്റെ മേശപ്പുറത്തു വച്ചു എന്ന അവാസ്തവമായ ആരോപണം ഉന്നയിച്ചിട്ടുള്ളത്. നിരന്തരമായി ദേഷ്യപ്പെട്ട് സംസാരിക്കുകയും പെരുമാറുകയും ചെയ്യുന്നുവെന്ന് പരാതിക്കാരി തന്നെ ആരോപിച്ചിട്ടുള്ളയാൾക്ക് "ജോലി എളുപ്പത്തിലാക്കി സഹായിക്കാൻവേണ്ടി പ്രിന്റെടുത്തു കൊടുത്തു" എന്ന് പറഞ്ഞത് തന്നെ ആരോപണങ്ങൾ കെട്ടിച്ചമച്ചതാണെന്നതിനുള്ള തെളിവാണ്. പരാതിക്കാരി ദേവസ്വം സെക്രട്ടറിയുടെ ഓഫീസിലേക്ക് സ്ഥലം മാറിപ്പോയ ഉടനെ ടിയാരി ഉപയോഗിച്ച മേശയും കസേരയും എടുത്തുമാറ്റി ശുദ്ധികലശം നടത്തി എന്ന് ടിയാരിയുടെ സഹപ്രവർത്തകരോട് ഞാൻ പറയുന്നത് കേട്ടു എന്ന പ്രസ്താവം, തന്നെ കുറ്റത്തിൽപ്പെടുത്തി ശിക്ഷിക്കുന്നതിനുള്ള ഗൂഢാലോചനയുടെ ഭാഗമാണ്. ശുദ്ധികലശം എന്നത് ഭാവനമാത്രമാണ്. അങ്ങനെ ഒരു സംഭവം അവിടെ നടക്കുകയോ അങ്ങനെ നടത്തിയെന്ന് ഏതെങ്കിലും സഹപ്രവർത്തകരോടോ സുഹൃത്തുക്കളോടോ ഞാൻ പറഞ്ഞിട്ടുമില്ല. ഫയലുകൾ/തപാലുകൾ ബന്ധപ്പെട്ട സെക്ഷനുകളിൽ എത്തിക്കുകയാണ് ഓഫീസ് അറ്റെൻഡന്റ് ജീവനക്കാരുടെ ജോലി എന്നിരിക്കെ പരാതിക്കാരി സ്ഥലം മാറിയപ്പോൾ മറന്നുവെച്ച ബാഗും സ്റ്റേഷനറികളും എടുക്കാൻ വന്നു എന്നും അപ്പോൾ താൻ ആരോടോ പറയുന്നത് കേട്ടു എന്നതും കളവായ ആരോപണങ്ങളാണ്. ഓഫീസ് സ്റ്റേഷനറികൾ ഉപയോഗിച്ച ജോലി നിർവ്വഹിക്കേണ്ട ജോലികളല്ല പരാതിക്കാരിക്ക് ചുമതി നൽകിയിരിക്കുന്നത് എന്നതിനാൽ സ്റ്റേഷനറി എടുക്കാൻ വന്നു എന്ന ആരോപണത്തിൽ കഴമ്പില്ല. സ്ഥലംമാറ്റം ലഭിച്ചു പോയതിനു ശേഷം പരാതിക്കാരി താൻ ജോലി ചെയ്യുന്ന സെക്ഷനിൽ വന്നിട്ടില്ല എന്നതിനാൽ പരാതിയിൽ ആരോപിച്ച കാര്യം താൻ കേട്ടു എന്ന പരാതിക്കാരിയും സാക്ഷിപ്പേരുകാരും പറഞ്ഞത് വാസ്തവ വിരുദ്ധമാണ്. പരാതിക്കാരി ഏതു സാമുദായിക വിഭാഗത്തിൽപ്പെട്ട ആളാണെന്ന് പോലും തനിക്ക് അറിവുള്ളതായിരുന്നില്ല. സെക്ഷനുകൾ ചുരുക്കുന്നതിന്റെ ഭാഗമായി അധികമായി വന്ന മേശകളും കസേരയും ഹൗസ്കീപ്പിംഗ് ജീവനക്കാരാണ് എടുത്തു മാറ്റിയത്. തനിക്ക്

ഇക്കാര്യത്തിൽ പങ്ക് ഇല്ലാത്തതിനാൽ പരാതിയിൽ ആരോപിച്ചിട്ടുള്ള ശുദ്ധികലശം എന്നത് നിലനിൽക്കാത്തതും അടിസ്ഥാന രഹിതവുമാണ്. മറ്റ് തരത്തിലുള്ള യാതൊരു കുറ്റവും തന്നിൽ ആരോപിച്ചാൽ നിലനിൽക്കുകയില്ല എന്നതിനാൽ പരാതിക്കാരിയും സാക്ഷിപ്പേരുകാരും എ.വി.സി യിൽ നിന്ന് സ്ഥലം മാറ്റം ചെയ്യപ്പെട്ട ജീവനക്കാരും കൂടിച്ചേർന്ന് കെട്ടിച്ചമച്ച പരാതിയാണിത്. ജോലി ആവശ്യങ്ങൾക്കും പഠനാവശ്യങ്ങൾക്കുമുള്ള അപേക്ഷകളിൽപ്പോലും ജാതിയോ മതമോ രേഖപ്പെടുത്താത്ത തികച്ചും മതനിരപേക്ഷ നിലപാട് സ്വീകരിച്ച് ജീവിതം നയിച്ചുവരുന്ന വ്യക്തി എന്ന നിലയിൽ ഇത്തരത്തിൽ ഒരു ആക്ഷേപം തനിക്ക് നേരിടേണ്ടിവന്നതിൽ ഉണ്ടായിട്ടുള്ള മനോവിഷമം പറഞ്ഞറിയിക്കാൻ പറ്റുന്നതല്ല . തന്റെ സർവ്വീസ് കാലയളവിലോ അതിനു മുൻപോ ഇത്തരം ഒരു ആരോപണം ഉണ്ടായിട്ടില്ല.പരാതിക്കാരിക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന ഒരു പ്രവൃത്തിയിലും താൻ ഏർപ്പെട്ടിട്ടില്ലാത്തതാണ്.വസ്തുതകൾ ഇതായിരിക്കെ പരാതിക്കാരിയുടെ പരാതി അടിസ്ഥാന രഹിതവും യാഥാർത്ഥ്യങ്ങളോട് യോജിച്ചു പോകാത്തതുമാണ് . (അനുബന്ധം -IV)

2025 ഏപ്രിൽ 3-ാം തീയതി ഹർജികക്ഷി ഉദ്യോഗസ്ഥ ഭരണപരിഷ്കാര(എ വി സി) വകുപ്പിൽ നിന്നും റവന്യൂ ദേവസ്വം വകുപ്പിലേക്ക് സ്ഥലം മാറ്റം ലഭിച്ച പോയതിനെ തുടർന്ന് ഹർജികക്ഷി ഉപയോഗിച്ച് വന്നിരുന്ന മേശയും കസേരയും ഹർജികക്ഷി മറന്നുവെച്ച ബാഗും ഓഫീസ് സ്റ്റേഷനറികളും ഉൾപ്പടെ എതിർകക്ഷി അവിടെനിന്നുമാറ്റുകയും, അതിന്റെ തൊട്ടടുത്ത ദിവസം ഹർജികക്ഷി തന്റെ പഴയ വകുപ്പിൽ (ഉദ്യോഗസ്ഥ ഭരണപരിഷ്കാര(എ,വി.സി)വകുപ്പ്) എത്തിയപ്പോൾ തന്റെ സഹപ്രവർത്തകരോട് "ഞാനിവിടെ ശുദ്ധികലശം"നടത്തിയിട്ടുണ്ടെന്ന് എതിർകക്ഷി പറയുന്നത് കേൾക്കുകയും ചെയ്തു എന്നതാണ് പരാതിക്ക് ആധാരമായ പ്രധാന വസ്തുത.

ഹർജികക്ഷിയും എതിർകക്ഷിയും സാക്ഷിമൊഴി നൽകിയിട്ടുള്ള ജീവനക്കാരും ദീർഘനാളായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ്

സെൽ) വകുപ്പിൽ ഒരുമിച്ച് ജോലി ചെയ്തു വന്നിരുന്നതും സഹപ്രവർത്തക ബന്ധം പുലർത്തി വന്നിരുന്നവരുമാണ്.

2025 ഏപ്രിൽ 9-ന് ഉച്ച കഴിഞ്ഞു താൻ മുൻപ് ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥ ഭരണപരിഷ്കാര(എ.വി.സി) വകുപ്പിൽ പോയപ്പോൾ മേൽ പ്രകാരമുള്ള പ്രസ്താവന എതിർകക്ഷി നടത്തിയിരുന്നു എന്ന പരാതിയിലെ ആരോപണത്തിൽ ഉറച്ചു നിൽക്കുന്നതായി നേരിൽ കേട്ട വേളയിലും ഹിയറിംഗ് ഉദ്യോഗസ്ഥൻ മുൻപാകെ എഴുതി സമർപ്പിച്ച മൊഴിയിലൂടെയും ഹർജികക്ഷി അറിയിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ)വകുപ്പിൽ നിന്നും ഹർജികക്ഷി വിട്ടുതൽ വാങ്ങി പോയതിനെ തുടർന്ന് ഹർജികക്ഷി ഉപയോഗിച്ചിരുന്ന മേശയും കസേരയും ബാഗ് വച്ചിരുന്ന മേശയും എതിർകക്ഷി പുറത്തേക്ക് കൊണ്ടുപോകുന്നത് താൻ കണ്ടുവെന്നും തൊട്ടടുത്ത ദിവസം മറന്നു വച്ച ബാഗ് എടുക്കുന്നതിന് ഹർജികക്ഷി വന്നപ്പോൾ"എ.വി.സി-യിൽ ചിലരെ മാറ്റി വെടിപ്പാക്കി,ശുദ്ധികലശം ചെയ്തു, ഇപ്പോഴാണ് എ.വി.സി,എ.വി.സിആയത്"എന്ന ഉച്ചത്തിൽ പറയുന്നത് കേട്ടതായും സാക്ഷിയായ ബീന പറമ്പിൽ മൊഴി നൽകിയിട്ടുണ്ട്. ഈ സംഭവം പൂർണ്ണമായും ശരിവയ്ക്കുന്ന തരത്തിലുള്ള മൊഴിയാണ് മറ്റൊരു സാക്ഷിയായ പാർവ്വതി.എസ്സും നൽകിയിട്ടുള്ളത്.എന്നാൽ പരാതിയിലെ തനിക്കെതിരെയുള്ള ആരോപണങ്ങളെ എതിർകകഷി പൂർണ്ണമായും ഹിയറിംഗ് വേളയിൽ നിഷേധിക്കുകയും ആരോപണങ്ങൾ എല്ലാം തന്നെ ബോധപൂർവ്വം കെട്ടിച്ചമച്ചതാണെന്ന് ബോധിപ്പിച്ചുകൊണ്ട് തന്റെ ഭാഗം വ്യക്തമാക്കിക്കൊണ്ടുള്ള വിശദീകരണം എഴുതി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(മൊഴികൾ/വിശദീകരണങ്ങൾ(അനുബന്ധ രേഖകൾ ഉൾപ്പടെ) അനുബന്ധമായി ചേർക്കുന്നു.)

20/06/2025

SHAJUDEEN. P.M
Under Secretary
General Administration
(Services) Department
Govt. Secretariat
Thiruvananthapuram